## കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാനുവൽ

(അനുബന്ധം - ഏച്ച് 4 )

### നോട്ടീസ്

ശ്രീ. അനീഷ് കുമാർ. എസ്, ഓഫീസ് അറ്റൻഡന്റ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചു കൊണ്ടുള്ള കുറ്റാരോപണങ്ങളുടെ കുറ്റപത്രം, കുറ്റാരോപണ പത്രിക 27.02.2025 തീയതിയിലെ വിബി(4)/12822/2024-ഡിജിഇ നമ്പർ പ്രകാരം 27.02.2025 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ പ്രസ്തുത കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവയ്ക്ക് താങ്കൾ പ്രതിവാദ പത്രിക നൽകിയിരുന്നില്ല. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റ് വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്കു യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവയുടെപൂർണ്ണരൂപം 10 ദിവസങ്ങൾക്കുള്ളിൽ സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

ശ്രീ. അനീഷ് കുമാർ എസ്

പൌർണമി, കടുവയിൽ,

ആറ്റിങ്ങൽ പി ഒ

തിരുവനന്തപുരം

Signed by Ranjan Raj. R.
P
Date: 23-04-2025 11:43:20

രഞ്ജൻ രാജ് ആർ പി

പെൻ : 101148

സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ & വിജിലൻസ് ഓഫീസർ